# ദിവ്യബോധനം

## മലങ്കര ഓർത്തഡോക്സ് സഭയുടെ
## വിശ്വാസ പരിശീലന കോഴ്സുകൾ

MALANKARA ORTHODOX CHURCH THEOLOGICAL EDUCATION PROGRAMME FOR THE LAITY

DIVYA BODHANAM

### ത്രിവത്സര ബിരുദ കോഴ്സ്
### (G.O.C.E.)

## പ്രോസ്പക്ടസ്




ഓർത്തഡോക്സ് വൈദിക സെമിനാരി

പി.ബി. 98. കോട്ടയം – 686001

ഫോൺ: 0481 – 2566526

# ബിരുദ കോഴ്സ്: G.O.C.E.

(Graduate in Orthodox Christian Education)

1. ദിവ്യബോധനം ഡിപ്ലോമാ കോഴ്സ് കുറഞ്ഞത് 50% എങ്കിലും മാർക്ക് വാങ്ങി പാസാകുന്ന ഏവർക്കും G.O.C.E. (Graduate in Orthodox Christian Education) കോഴ്സിനു ചേർന്നു പഠിക്കാവുന്നതാണ്.

2. പഴയ രജിസ്റ്റർ നമ്പറിൽ തന്നെ 300 രൂപ (രജിസ്ട്രേഷൻ ഫീസ്, പരീക്ഷാഫീസ് & കോൺവൊക്കേഷൻ ഫീസ്) നൽകി ഈ കോഴ്സിനു ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

3. ഒരു വർഷത്തിൽ അഞ്ച് പഠനവിഷയം എന്ന രീതിയിൽ 2 വർഷം കൊണ്ട് 10 പുസ്തകങ്ങളുടെ പഠനം ഓരോ വിദ്യാർത്ഥിയും പൂർത്തിയാക്കേണ്ടതാണ്.

4. ഓരോ വിഷയം സംബന്ധിച്ചും കേന്ദ്രത്തിൽ നിന്നയയ്ക്കുന്ന സർക്കുലറിലെ നിർദ്ദേശപ്രകാരം പഠനം ആരംഭിക്കുകയും വീഴ്ച കൂടാതെ പൂർത്തീകരിക്കുവാൻ എല്ലാ വിദ്യാർത്ഥികളും ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്.

5. ഓരോ വിഷയത്തിന്റെയും പഠന സംഗ്രഹവും 5 പേജിൽ കുറയാതെയും 7 പേജിൽ കവിയാതെയും ഓരോ വിഷയത്തിൽ നിന്നും തയ്യാറാക്കുന്ന 4 പ്രബന്ധങ്ങളും കേന്ദ്രത്തിലേയ്ക്ക് നേരിട്ട് അയച്ചുതരേണ്ടതാണ്. പ്രബന്ധ വിഷയങ്ങൾ പ്രോസ്പെക്ടസിൽ കൊടുത്തിരിക്കുന്നു.

6. സെമിനാർ, പരീക്ഷ തുടങ്ങിയവ വർഷത്തിൽ ഒരിക്കൽ (5 വിഷയങ്ങൾ) കേന്ദ്രതലത്തിൽ വിദ്യാർത്ഥികളുടെ അംഗസംഖ്യ പരിഗണിച്ച് കേന്ദ്രം നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്തു വച്ചു നടത്തുന്നതാണ്.

7. പത്തു വിഷയങ്ങളുടെ പഠനത്തിനു പുറമേ ഓരോ വിദ്യാർത്ഥിയും കേന്ദ്രം അംഗീകരിക്കുന്ന ഒരു വിഷയത്തെ സംബന്ധിച്ച് ഒരു തിസ്സീസ് എഴുതി കേന്ദ്ര ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

8. കോഴ്സിനു പ്രായപരിധി നിർണ്ണയവും അതനുസരിച്ചുള്ള ഇളവുകളും ഉണ്ടായിരിക്കുന്നതല്ല.

9. വിജയനിർണ്ണയ രീതി പഠന സംഗ്രഹത്തിന് 20, പ്രബന്ധത്തിന് 20, സെമിനാറിന് 10, പരീക്ഷയ്ക്ക് 50 എന്ന രീതിയിൽ ഓരോ വിഷയത്തിനും 100 മാർക്ക് വീതം ഉണ്ടായിരിക്കുന്നതാണ്. തിസ്സീസിന് 100 മാർക്ക് ഉണ്ടായിരിക്കും.

10. എല്ലാ വിഷയങ്ങൾക്കുമായി അവസാനം റാങ്ക് നിശ്ചയിക്കുന്നതും

ക്ലാസ്സ് നിർണ്ണയിക്കുന്നതുമായിരിക്കും. ഒന്നാം ക്ലാസ്സ് 70%, രണ്ടാം ക്ലാസ്സ് 55%, മൂന്നാം ക്ലാസ്സ് 40%, 40%-ൽ താഴെ മാർക്ക് വാങ്ങി തോൽക്കുന്ന വിദ്യാർത്ഥികൾ വീണ്ടും പ്രബന്ധങ്ങൾ എഴുതി മാർക്ക് മെച്ചപ്പെടുത്തേണ്ടതാണ്. പുനഃപരീക്ഷ ഉണ്ടായിരിക്കുന്നതല്ല.

11. കേന്ദ്ര നിർദ്ദേശമനുസരിച്ച് ഓരോ വിദ്യാർത്ഥിയും ഏതെങ്കിലും ഇടവകയുമായി ബന്ധപ്പെട്ട് ഫീൽഡ് വർക്ക് നടത്തേണ്ടതാണ്. ഫീൽഡ് വർക്കിന്റെ ഭാഗമായി, ഇടവക വികാരിയുടെ അനുവാദത്തോടും മേൽനോട്ടത്തോടും കൂടി ഇടവകയിൽ പുതിയ P.O.C.E., D.O.C.E. യൂണിറ്റുകൾ ആരംഭിച്ചു നടത്താവുന്നതാണ്. ഇടവക വികാരിമാരിൽ നിന്നു ലഭിക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അവസാന വിജയ നിർണ്ണയ സമയത്തു ഗ്രേഡ് നിശ്ചയിക്കുന്നതാണ്.

# ജി.ഒ.സി.ഇ. ഉപന്യാസം

## ഗ്രന്ഥം 1: പൗരസ്ത്യ ക്രൈസ്തവ ദർശനം
## ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ്

1. "പൗരസ്ത്യ സഭയുടെ ജീവൻ ആരാധനയാണ്." വേദപുസ്തകാടിസ്ഥാനത്തിലും സഭാശാസ്ത്ര വെളിച്ചത്തിലും വിശദീകരിക്കുക.

2. വി. മാമോദീസായുടെ ചരിത്രം, ദൈവശാസ്ത്രം എന്നിവ പരിശോധിച്ച്, സഭാജീവിതത്തിൽ അവയുടെ ഇന്നത്തെ പ്രസക്തി വിലയിരുത്തുക.

3. ആദാമ്യപാപവും പരിണിതഫലങ്ങളും വിലയിരുത്തി യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിലുണ്ടായ "രക്ഷ" എന്താണെന്ന് സമർത്ഥിക്കുക.

4. ദൈവസ്വരൂപിയായ മനുഷ്യർ ദൈവത്തെപ്പോലെ ആയിത്തീരാനുള്ള സ്വാതന്ത്ര്യത്തിലേയ്ക്ക് വിളിക്കപ്പെട്ടിരിക്കുന്നു. ചർച്ച ചെയ്യുക.

## ഗ്രന്ഥം 2: സഭയും സാമൂഹ്യ പ്രതിബദ്ധതയും
## ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്

1. പ്രേഷിതവൃത്തിയുടെ വേദപുസ്തക-ദൈവശാസ്ത്രാടിസ്ഥാനങ്ങളെ പരിശോധിച്ച് ക്രിസ്തുവിന്റെ മാതൃകയിൽ എപ്രകാരം സുവിശേഷ ദൗത്യത്തിൽ പങ്കുചേരാമെന്ന് വിവരിക്കുക.

2. മറ്റു മതവിശ്വാസികളോട് ക്രിസ്ത്യാനികൾ പാലിക്കേണ്ടതായ പ്രേഷിത സമീപനം പരിശോധിച്ച് ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേക്കുള്ള നൂതന സമീപനങ്ങൾ ആവിഷ്ക്കരിക്കുക.

3. "വർഗ്ഗരഹിത സമൂഹം - ക്രൈസ്തവ വീക്ഷണത്തിൽ" - പ്രശ്ന ങ്ങളും സാധ്യതകളും ചർച്ച ചെയ്യുക.

4. "വികസനം സഭയിലും സമൂഹത്തിലും" ഉപന്യസിക്കുക.

## ഗ്രന്ഥം 3: ക്രൈസ്തവ ആദ്ധ്യാത്മികത
## ഫാ. സി. സി. ചെറിയാൻ

1. വേദപുസ്തകം, സഭാപിതാക്കന്മാരുടെ പഠിപ്പിക്കലുകൾ എന്നിവയെ അടിസ്ഥാനപ്പെടുത്തി ക്രൈസ്തവ ആദ്ധ്യാത്മികതയുടെ പ്രത്യേകത കൾ ചൂണ്ടിക്കാണിക്കുക.

2. റോമൻ കത്തോലിക്ക, പ്രോട്ടസ്റ്റന്റ് സഭാവിഭാഗങ്ങൾ എന്നിവയുടെ ആദ്ധ്യാത്മിക കാഴ്ചപ്പാടുകൾ അപഗ്രഥിച്ച് വിലയിരുത്തുക.

3. പൗരസ്ത്യ ക്രൈസ്തവ ആദ്ധ്യാത്മികതയുടെ അടിസ്ഥാന പ്രമാ ണങ്ങൾ വ്യക്തമാക്കുക.

4. ആദ്ധ്യാത്മിക മണ്ഡലങ്ങളിൽ കാണപ്പെടുന്ന നൂതന പ്രവണത കളെ ഓർത്തഡോക്സ് ആദ്ധ്യാത്മിക കാഴ്ചപ്പാടിൽ എപ്രകാരം വീക്ഷി ക്കാമെന്ന് വ്യക്തമാക്കുക.

## ഗ്രന്ഥം 4: മതങ്ങളുടെ സന്ദേശം
## ഡോ. ഗീവർഗീസ് മാർ യൂലിയോസ്

1. മതത്തിന്റെ അടിസ്ഥാന സ്വഭാവങ്ങളും മതപഠനത്തിനുള്ള ശാസ്ത്രീയ സമീപനങ്ങളും അപഗ്രഥിച്ച് വിലയിരുത്തുക.

2. ഭാരതം മതങ്ങളുടെ ഈറ്റില്ലം എന്ന് അറിയപ്പെടുന്നു. കാരണം തെളിവുകൾ സഹിതം വിശദീകരിക്കുക.

3. ഭാരതത്തിലെ ബുദ്ധമത-ജൈനമത ദർശങ്ങളെ വിശദീകരിക്കുക.

4. അക്രൈസ്തവ മതങ്ങളോടുള്ള ക്രൈസ്തവ സമീപനം പ്രതിപാ ദിക്കുക.

## ഗ്രന്ഥം 5: പ്രതീക്ഷാ സന്ദേശങ്ങൾ
## റവ. ഡോ. കല്ലറയ്ക്കൽ അബ്രഹാം ജോർജ്ജ്

1. ഗോത്രപിതാക്കന്മാർ, മോശ തുടങ്ങിയവരുടെ കാലവും ആദ്ധ്യാ ത്മിക ചിന്തകളും വിശദീകരിക്കുക.

2. യിസ്രായേലിന്റെ പ്രവാസകാലവും അതിന്റെ അനന്തരഫലങ്ങളും വിവരിക്കുക.

3. പഴയനിയമ സാഹിത്യങ്ങളെക്കുറിച്ച് വിശദീകരണം നൽകുക.

4. യഹൂദ ആരാധന, പെരുന്നാളുകൾ, ധാർമ്മിക പ്രമാണങ്ങൾ എന്നിവയെ വിലയിരുത്തുക.

## ഗ്രന്ഥം 6: യെരുശലേമിൽ നിന്ന്
## ഫാ. ഡോ. എം. ഒ. ജോൺ

1. ക്രൈസ്തവ സഭയ്ക്ക് നേരിടേണ്ടി വന്ന ആദ്യ മൂന്നു നൂറ്റാണ്ടുകളിലെ പീഡകളെക്കുറിച്ച് വിവരിക്കുക.

2. നിഖ്യാ, കുസ്തന്തീനോസ്പോലീസ്, എഫേസൂസ് എന്നിവിടങ്ങളിലെ ആകമാന സുന്നഹദോസുകളെ വിശകലനം ചെയ്യുക.

3. കൽക്കദൂന്യാ സുന്നഹദോസ് ആകമാന സഭയിൽ വരുത്തിയ ദോഷങ്ങൾ കാര്യകാരണസഹിതം വിശദീകരിക്കുക.

4. ആദിമ സഭയിലെ ആരാധനാ രീതികളും അവയുടെ ചരിത്രപരമായ വളർച്ചയും വിശദമാക്കുക.

## ഗ്രന്ഥം 7: സഭാപാരമ്പര്യ ശിൽപികൾ
## ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ്

1. പുരാതന സുറിയാനി രേഖകളിൽ കാണുന്ന സഭാവിജ്ഞാനീയം വിശദീകരിക്കുക.

2. സുറിയാനി സഭയുടെ ആദ്ധ്യാത്മികതയുടെ വളർച്ച പിതാക്കന്മാരുടെ ജീവിത ദർശനങ്ങളുടെ അടിസ്ഥാനത്തിൽ വിവരിക്കുക.

3. പൗരസ്ത്യ സുറിയാനി ഓർത്തഡോക്സ് സഭയുടെ ക്രിസ്തുവിജ്ഞാനീയം സുറിയാനി സഭാപിതാക്കന്മാരുടെ പഠിപ്പിക്കലുകളുടെ അടിസ്ഥാനത്തിൽ വിശദമാക്കുക.

4. വി. കുർബ്ബാനയെക്കുറിച്ച് മദ്ധ്യകാലഘട്ടത്തിൽ ജീവിച്ചിരുന്ന സുറിയാനി പിതാക്കന്മാർ നൽകിയിരിക്കുന്ന ദർശനങ്ങൾ വിവരിക്കുക.

## ഗ്രന്ഥം 8: ഇടയന്റെ പാതയിൽ
## ഫാ. ഡോ. റ്റി. ജെ. ജോഷ്വാ

1. "ക്രിസ്തീയ പ്രവർത്തകന്റെ വിളിയും വെല്ലുവിളികളും" വിശദീകരിക്കുക

2. സഭാ ശുശ്രൂഷകരും ഇടവകയുടെ പ്രവർത്തനങ്ങളും തമ്മിലുള്ള ബന്ധം വിലയിരുത്തുക

3. സഭാശുശ്രൂഷകന്റെ വ്യക്തിഗത പ്രവർത്തനങ്ങൾ വിശദമാക്കുക.

4. സഭാശുശ്രൂഷയും ഇതര മതങ്ങളുടെ ശുശ്രൂഷാസംവിധാനങ്ങളും താരതമ്യം ചെയ്യുക.

## ഗ്രന്ഥം 9: സഭയും സംവേദനവും
## ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

1. ആശയ സംവേദനത്തിന്റെ വിവിധ തലങ്ങൾ ഏതെല്ലാം? സഭാശുശ്രൂഷയിൽ അവയുടെ സാദ്ധ്യതകളും പരിമിതികളും എന്തെല്ലാമെന്ന് നിർണ്ണയിക്കുക.

2. ആശയസംവേദനം "ക്രൈസ്തവ കാഴ്ചപ്പാടിൽ" വിലയിരുത്തുക. സഭയുടെ ദൗത്യനിർവ്വഹണത്തിൽ ഫലപ്രദമായ സംവേദന മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുക.

3. സഭാശുശ്രൂഷയിൽ ഫലപ്രദമായ സംവേദനം സൃഷ്ടിക്കുന്ന സ്വാധീനങ്ങൾ ഏതെല്ലാം? മാധ്യമ സ്വാധീനത്തെ ചെറുത്തു നിൽക്കുവാനുള്ള "ബോധപ്രക്രിയ" എങ്ങനെ ഫലപ്രദമാക്കാം.

4. മാധ്യമങ്ങളോടുള്ള സമീപനം എങ്ങനെ ആയിരിക്കണം? ക്രിസ്തീയ ജീവിതത്തിൽ മാധ്യമ സംസ്ക്കാരം സൃഷ്ടിക്കുന്ന വിവിധ പരിവർത്തനങ്ങൾ എന്തെല്ലാമെന്ന് വിലയിരുത്തുക.

## ഗ്രന്ഥം 10: മനസ്സും ജീവിതവും
## ഫാ. ഡോ. ഒ. തോമസ്

1. കൗൺസിലിംഗിന്റെ വിവിധ സമീപനങ്ങളും അതിൽ വേദപുസ്തകാധിഷ്ഠിത കൗൺസിലിംഗിന്റെ പ്രത്യേകതകളും വിവരിക്കുക.

2. മനഃശാസ്ത്ര സിദ്ധാന്തങ്ങൾ ഏതെല്ലാംവിധത്തിൽ കൗൺസിലിംഗിനു പ്രയോജനപ്രദമാകുമെന്ന് ഉദാഹരണസഹിതം വിവരിക്കുക.

3. ആധുനിക സമൂഹത്തിലെ പ്രശ്നങ്ങൾ ഏതെല്ലാമെന്ന് കണ്ടെത്തുകയും അവയ്ക്ക് കൗൺസിലിംഗ് നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗങ്ങൾ എത്രത്തോളം പ്രയോജനപ്രദമാണെന്ന് വിലയിരുത്തുക.

4. സഭയുടെ സൗഖ്യദാന ശുശ്രൂഷയിൽ കുടുംബപ്രശ്നങ്ങളും അവ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളും ഈ പഠനത്തിന്റെ വെളിച്ചത്തിൽ വിശദീകരിക്കുക.

# തിസ്സീസ് എഴുതുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

ഡിഗ്രി ലഭിക്കുന്നത് മുന്നോടിയായി ഓരോ വിദ്യാർത്ഥിയും ദിവ്യബോധനം കേന്ദ്ര ഓഫീസ് അംഗീകരിച്ച് നൽകുന്ന ഒരു വിഷയം സംബന്ധിച്ച് 50 പേജിൽ കൂടാതെയും 30 പേജിൽ കുറയാതെയും ഒരു തിസ്സീസ് എഴുതി ടൈപ്പ് ചെയ്ത് കേന്ദ്ര ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

വിഷയം അംഗീകരിച്ചു കിട്ടിയാൽ ഉടൻതന്നെ തിസ്സീസിന്റെ ഒരു പ്രാഥമിക ഘടനയും രൂപരേഖയും (Outline) തയ്യാറാക്കി ഓഫീസിൽ അയച്ചുതരുന്നത് നല്ലതായിരിക്കും. പ്രത്യേക നിർദ്ദേശം ആവശ്യമെങ്കിൽ നൽകുന്നതിനുവേണ്ടിയാണിത്.

ഒരു തിസ്സീസിൽ ആമുഖം, ഉപസംഹാരം എന്നിവയ്ക്കു പുറമേ കുറഞ്ഞത് മൂന്നു അദ്ധ്യായം എങ്കിലും ഉണ്ടായിരിക്കേണ്ടതാണ്. ഓരോ അദ്ധ്യായത്തിലും തലക്കെട്ട്, ഭാഗങ്ങൾ, ഉപഭാഗങ്ങൾ (Heading, Titles, Subtitles) എന്നിവ ഉണ്ടായിരിക്കണം.

ഏതെങ്കിലും പുസ്തകങ്ങളിൽ നിന്നോ ലേഖനങ്ങളിൽ നിന്നോ ആശയങ്ങൾ എടുത്തെഴുതുമ്പോൾ അത്, ആരുടെ, ഏത്, എവിടെനിന്ന് പ്രസിദ്ധീകരിച്ച പുസ്തകത്തിൽ നിന്നാണെന്ന് പേജ് നമ്പർ ഉൾപ്പെടെ Foot Note ൽ എഴുതേണ്ടതാകുന്നു.

ഓരോ തിസ്സീസിന്റെയും അവസാന ഭാഗത്ത് ഉപയോഗിച്ച പുസ്തക/ലേഖനങ്ങളും ഗ്രന്ഥസൂചിക (Bibliography) നൽകേണ്ടതാണ്.

ഓരോ തിസ്സീസിലും എഴുതുന്ന വിഷയത്തിന്റെ വേദപുസ്തക-വേദശാസ്ത്ര-ചരിത്ര വിശദീകരണങ്ങളും കാലിക പ്രസക്തിയും ഉൾക്കൊള്ളിക്കേണ്ടതാണ്.

തിസ്സീസിന് മാർഗ്ഗനിർദ്ദേശം നൽകുന്ന വേദശാസ്ത്ര ബിരുദമുള്ള ആളിനെ (Guide) വിദ്യാർത്ഥികൾ തന്നെ തെരഞ്ഞെടുക്കുകയും വിഷയത്തോടൊപ്പം അത് കേന്ദ്ര ഓഫീസിൽ അറിയിച്ച് അംഗീകാരം വാങ്ങുകയും ചെയ്യേണ്ടതാണ്.

തിസ്സീസ് കേന്ദ്ര ഓഫീസിൽ സമർപ്പിക്കുന്നതിനു മുമ്പ് Guide, Registrar എന്നിവരുടെ അംഗീകാരം ലഭിക്കേണ്ടതാണ്.

# തിസ്സീസ് ഫോർമാറ്റ്

തിസ്സീസ്സിന് താഴെപ്പറയുന്ന പേജുകൾ ക്രമീകരിക്കേണ്ടതാണ്.

1. കവർ ഭംഗിയായി ബൈൻഡ് ചെയ്യണം.

2. ഫെയിസിംഗ് ഷീറ്റ് – ഇതിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉണ്ടായിരിക്കണം

. ദിവ്യബോധനം

. ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, കോട്ടയം

. തിസ്സീസ്സ് വിഷയം.

. GOCE ബിരുദത്തിനുവേണ്ടി തയ്യാറാക്കിയ പ്രബന്ധം.

പേര് ..................

രജി. നമ്പർ .......

മാർഗ്ഗനിർദ്ദേശം നൽകിയത്

പേര് ..............

സ്ഥലം, തീയതി

ഉദാഹരണം: കോട്ടയം, ജൂലൈ 2017

3. ആമുഖം

4. അധ്യായം 1, അധ്യായം 2, അധ്യായം 3, അധ്യായം 4.

5. ഉപസംഹാരം.

6. ഗ്രന്ഥസൂചിക.

തിസ്സീസ് ടൈപ്പ് ചെയ്ത് കമ്പ്യൂട്ടർ പ്രിന്റ് എടുക്കുകയാണ് ഉത്തമം.

തിസ്സീസ്സ് ബൈൻഡ് ചെയ്യുന്നതിനു മുമ്പ് വികാരിയെയോ അധ്യാപകരെയോ കാണിച്ച് correction വല്ലതും ഉണ്ടെങ്കിൽ നടത്തിയ ശേഷം ബൈൻഡ് ചെയ്യാൻ ശ്രദ്ധിക്കുക.

എല്ലാ എഴുത്തുകുത്തുകളും നിങ്ങളുടെ
രജിസ്ട്രേഷൻ നമ്പർ സഹിതം താഴെ കാണുന്ന വിലാസത്തിൽ
ആയിരിക്കണം.

**THE REGISTRAR**
**DIVYA BODHANAM**
Orthodox Theological Seminary P.B. No. 98
Chungam, Kottayam - 686001, Kerala
Phone (Orthodox Seminary) 0481 - 2566526, 0481 - 2568083
web: www.divyabodhanam.org
www.ots.edu.in
Email: divyabodhanamots@gmail.com